പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **961**

25.01.2018-ലെ മറുപടി

## കുട്ടനാട്ടിലെ കുടിവെള്ള പദ്ധതി

**ചോദ്യം**

ശ്രീ.തോമസ് ചാണ്ടി

(എ) കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ പ്രവൃത്തി എന്ന് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ;

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 70 കോടി രൂപയുടെ പ്രവൃത്തിയിൽ ഉൾപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നു.

1. ട്രാൻസ്മിഷൻ സിസ്റ്റം 1
2. ട്രാൻസ്മിഷൻ സിസ്റ്റം 2
3. വിതരണ ശൃംഖല
4. ഉപരിതല ജലസംഭരണികൾ-2 എണ്ണം
5. നിലവിലുള്ള ട്രാൻസ്മിഷൻ ലൈനുകളുടെ ബലപ്പെടുത്തൽ.
6. നിലവിലുള്ള വിതരണ ശൃംഖലകളുടെ ബലപ്പെടുത്തൽ.

ഈ ഘടകങ്ങൾ നാല് പാക്കേജായി ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിച്ചത്.

1. ട്രാൻസ്മിഷൻ സിസ്റ്റം 1
2. ട്രാൻസ്മിഷൻ സിസ്റ്റം 2
3. വിതരണ ശൃംഖല-1, ഉപരിതല ജലസംഭരണി-1
4. വിതരണ ശൃംഖല-2, രണ്ടാമത്തെ ഉപരിതല ജലസംഭരണി.

മേൽ സൂചിപ്പിച്ച പാക്കേജുകളിൽ 1, 2, 3 എന്നിവയുടെ കരാർ ഉറപ്പിച്ച്, പ്രവൃത്തി നടന്നു വരുന്നു. തുടർ നടപടികൾ പൂർത്തീകരിച്ച് 31.05.2018-ന് മുമ്പായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നാലാമത്തെ പാക്കേജിലെ ഘടകങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | സമഗ്ര കുടിവെള്ള പദ്ധതിയിൽ കുട്ടനാടിന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 215 കോടി രൂപയുടെ പദ്ധതി ഏത് ഘട്ടത്തിലാണ്; | (ബി) | കുട്ടനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 195 കോടി രൂപ വകയിരുത്തിയിരുന്നു. ഡി.എസ്.ആർ 2016 പ്രകാരം 230 കോടിയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | കുട്ടനാട്ടിലെ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കവും മണ്ണിന്റെ അവസ്ഥയും മൂലം വർഷത്തിൽ നാലോ അഞ്ചോ മാസങ്ങളിൽ മാത്രമേ പൈപ്പ് ഇടാൻ സാധിക്കുകയുള്ളൂ. കൂടാതെ ഭൂമി ലഭ്യമാക്കൽ, റോഡ് കട്ടിംഗ് അനുമതി ലഭ്യമാക്കൽ തുടങ്ങിയവ ഉറപ്പ് വരുത്തി മാത്രമേ പദ്ധതി പൂർത്തീകരണ തീയതി തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ